**പതിനാലാം കേരള നിയമസഭ**

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 2665

06.11.2019 ൽ മറുപടിക്ക്.

**ജി.സി.ഡി.എ.യിലെ നിയമനം**

| ചോദ്യം<br>ശ്രീ. വി.പി.സജീന്ദ്രൻ | | മറുപടി<br>ശ്രീ. എ.സി.മൊയ്തീൻ<br>(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ജി.സി.ഡി.എ.-യിൽ പി.എസ്.സി. വഴി ടൗൺ പ്ലാനർ തസ്തികയിലേക്ക് അഡ്വൈസ് മെമ്മോ ലഭിച്ച പട്ടികജാതിവിഭാഗത്തിൽ പെട്ട ഒന്നാം റാങ്കുകാരനായ സുബാഷ് എസ്-നും ഡെപ്യൂട്ടി ടൗൺ പ്ലാനർ തസ്തികയിലേക്ക് അഡ്വൈസ് മെമ്മോ ലഭിച്ച ഹിന്ദുജക്കും ലീലാവതിക്കും നിയമനം നൽകിയിട്ടുണ്ടോ; നിയമനം നൽകിയിട്ടില്ലെങ്കിൽ ആയതിന്റെ കാരണം എന്തെന്ന് വിശദമാക്കാമോ; | (എ) | ഇല്ല. ജി.സി.ഡി.എ. ഒഴിവ് റിപ്പോർട്ട് ചെയ്തുകൊണ്ട് കെ.പി.എസ്.സിക്ക് നൽകിയ പ്രൊഫോർമയിൽ നിഷ്കർഷിച്ചിരുന്നതും തദനുസരണം കെ.പി.എസ്.സി. വിജ്ഞാപനം ചെയ്തിരുന്നതുമായ, 'മതിയായ പ്രവൃത്തി പരിചയം' ഇല്ലാതിരുന്ന സാഹചര്യത്തിലാണ് നിയമനം നല്കാതിരുന്നത്. |
| (ബി) | ഹൈക്കോടതി ഇവർക്ക് നിയമനം നൽകുന്ന വിഷയം പരിഗണിക്കണമെന്ന് ഉത്തരവ് നൽകിയിട്ടുണ്ടോ; | (ബി) | ബഹു.കേരള ഹൈക്കോടതിയുടെ ഡബ്ല്യൂ.പി.സി.നം. 29289/17 & 29290/17 നമ്പർ കേസുകളിലെ 28.03.2019-ലെ ഇടക്കാലവിധി പ്രകാരം അന്തിമവിധിക്ക് വിധേയമായി ഇവർക്ക് താൽക്കാലികമായി നിയമനം നൽകണമെന്ന് ഉത്തരവായിരുന്നു |
| (സി) | സുപ്രീം കോടതിയിൽ പ്രസ്തുത ഉത്തരവിനെതിരെ ജി.സി.ഡി.എ. അപ്പീൽ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഹൈക്കോടതിയിലും സുപ്രീം കോടതിയിലും കേസ് നടത്തുവാൻ നാളിതുവരെ എത്ര രൂപ ചെലവഴിച്ചുവെന്നും ഈവിധം പണം ചെലവഴിക്കാൻ ജി.സി.ഡി.എ.യ്ക്ക് അധികാരമുണ്ടോയെന്നും വ്യക്തമാക്കാമോ; | (സി) | ഉണ്ട്. ഹൈക്കോടതിയിലെ റിട്ട് ഹർജികളിലും, കോടതിയലക്ഷ്യ പെറ്റീഷനിലുമായി ₹15,000/- രൂപ ചെലവായിട്ടുണ്ട്. ബഹു.സുപ്രീംകോടതിയിൽ കേസ് ഫയൽ ചെയ്തതിൽ നാളിതുവരെ വക്കീൽ ഫീസ് അനുവദിച്ചിട്ടില്ല. 2015-ലെ കേരള നഗരഗ്രാമാസൂത്രണ (ഡവലപ്മെന്റ് അതോറിറ്റിസ്) റൂൾസ് രണ്ടാം അദ്ധ്യായത്തിലെ റൂൾ 4(2)(v) പ്രകാരം അതോറിറ്റി ഏർപ്പെട്ടിരിക്കുന്ന കോടതിവ്യവഹാരങ്ങൾ നടപ്പിലാക്കുന്നതു സംബന്ധിച്ച തീരുമാനങ്ങൾ എടുക്കാനുള്ള അധികാരം നിക്ഷിപ്തമായിരിക്കുന്നത് വികസന അതോറിറ്റിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റിയിലാണ്. |
| (ഡി) | സുപ്രീം കോടതിയിൽ അപ്പീൽ നൽകുന്നതിന് ജി.സി.ഡി.എ.യ്ക്ക് സർക്കാർ അനുമതി ലഭിച്ചിട്ടുണ്ടോ? | (ഡി) | ഇല്ല. |

സെക്ഷൻ ഓഫീസർ